GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

6th October 2015

## നാമനിർദ്ദേശ പത്രിക സമർപ്പണം ഇന്ന് ആരംഭിക്കും

തദ്ദേശഭരണ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക ഇന്ന് (ഒക്ടോബർ ഏഴ്) മുതൽ രാവിലെ 11 മണിയ്ക്കും ഉച്ചക്കുശേഷം മൂന്നിനും ഇടയ്ക്ക് ബന്ധപ്പെട്ട വരണാധികാരി മുമ്പാകെ സമർപ്പിയ്ക്കാവുന്നതാണ്. ഒക്ടോബർ 14 ആണ് നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം. നിർദ്ദിഷ്ട ഫാറത്തിലാണ് നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ടത്. എല്ലാ വരണാധികാരികളുടെ പക്കലും, തദ്ദേശഭരണ സ്ഥാപനങ്ങളിലും, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലും (www.sec.kerala.gov.in) നാമനിർദ്ദേശ പത്രിക ഫാറം ലഭ്യമാണ്.

സ്ഥാനാർത്ഥിയോ, നാമനിർദ്ദേശം ചെയ്യുന്ന ആളോ നേരിട്ട് ഓഫീസിൽ ഹാജരായി വരണാധികാരിയ്ക്കോ ഇതിലേയ്ക്ക് നിയോഗിക്കപ്പെട്ട അസിസ്റ്റന്റ് വരണാധികാരയ്ക്കോ നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ടതാണ്. ഒരു സ്ഥാനാർത്ഥിക്ക് വേണ്ടി പരമാവധി മൂന്ന് നാമനിർദ്ദേശ പത്രിക സമർപ്പിയ്ക്കാവുന്നതാണ്. എന്നാൽ നിക്ഷേപ തുക ഒന്നിൽ കൂടുതൽ നൽകേണ്ടതില്ല

ഗ്രാമപഞ്ചായത്തിൽ 1,000/- ഉം, ബ്ലോക്ക് പഞ്ചായത്തിൽ 2,000/-ഉം, ജില്ലാ പഞ്ചായത്തിൽ 3,000/-ഉം, മുനിസിപ്പാലിറ്റിയിൽ 2,000/- ഉം, മുനിസിപ്പൽ കോർപ്പറേഷനിൽ 3,000/-ഉം രൂപയാണ് കെട്ടിവെക്കേണ്ട തുക. പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട സ്ഥാനാർത്ഥികൾക്ക് കെട്ടിവെയ്ക്കേണ്ട തുക അങ്ങനെയുള്ള നിയോജകമണ്ഡലത്തിലേയ്ക്ക്/വാർഡിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള തുകയുടെ അൻപത് ശതമാനം ആയിരിക്കും. ഗ്രാമപഞ്ചായത്തിൽ 10,000/-ഉം, ബ്ലോക്ക് പഞ്ചായത്തിൽ 30,000/-ഉം, ജില്ലാ പഞ്ചായത്തിൽ 60,000/-ഉം, മുനിസിപ്പാലിറ്റിയിൽ 30,000/-ഉം, മുനിസിപ്പൽ കോർപ്പറേഷനിൽ 60,000/-ഉം രൂപയാണ് ചെലവഴിക്കാവുന്നത തുക.

*(എസ്.ഇ.സി. 71/2015)*

## ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സ്ഥാനങ്ങളുടെ സംവരണം

പ്രസിഡന്റ് സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത 470 ഗ്രാമപഞ്ചായത്തുകളിലെ വൈസ് പ്രസിഡന്റ് സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. കേരള പഞ്ചായത്ത് രാജ് ആക്ടിലെ 153-ാം വകുപ്പ് (4എ) പ്രകാരമാണ് ഈ നടപടി

*(എസ്.ഇ.സി. 72/2015)*

## ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സ്ഥാനങ്ങളുടെ സംവരണം

പ്രസിഡന്റ് സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത 75 ബ്ലോക്ക് പഞ്ചായത്തുകളിലെ വൈസ് പ്രസിഡന്റ് സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. കേരള പഞ്ചായത്ത് രാജ് ആക്ടിലെ 153-ാം വകുപ്പ് (4എ) പ്രകാരമാണ് ഈ നടപടി

*(എസ്.ഇ.സി. 73/2015)*

...2/

## ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സംവരണം

പ്രസിഡന്റ് സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലാ പഞ്ചായത്തുകളിലെ വൈസ് പ്രസിഡന്റ് സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു.

*(എസ്.ഇ.സി. 74/2015)*

## കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ സ്ഥാനങ്ങളുടെ സംവരണം

മേയർ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, ഡെപ്യൂട്ടി മേയർ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു.

*(എസ്.ഇ.സി. 75/2015)*

## നഗരസഭ ഡെപ്യൂട്ടി ചെയർപേഴ്സൺ സംവരണം

ചെയർപേഴ്സൺ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത 43 മുനിസിപ്പാലിറ്റികളിലെ ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു.

*(എസ്.ഇ.സി. 76/2015)*

## ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സംവരണത്തിൽ ഭേദഗതി

പട്ടിക വർഗ്ഗ സ്ത്രീ സംവരണമായി പ്രഖ്യാപിച്ചിരുന്ന കോഴിക്കോട് വാണിമേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം പട്ടിക വർഗ്ഗ സംവരണമായി മാറ്റിയും പട്ടിക വർഗ്ഗ സംവരണമായി പ്രഖ്യാപിച്ചിരുന്ന കോട്ടയം മേലുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം പട്ടിക വർഗ്ഗ സ്ത്രീ സംവരണമായി മാറ്റിയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം ഭേദഗതി ചെയ്തു.

*(എസ്.ഇ.സി. 77/2015)*

## തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കി

തദ്ദേശഭരണ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ള ഇ-ഡ്രോപ്പ് സംവിധാനത്തിൽ നിന്നും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (എസ്.ബി.ടി) ഉദ്യോഗസ്ഥരെ ഒഴിവാക്കാനും ആരോഗ്യം, നീതിന്യായ വകുപ്പിലെ ഭരണ വിഭാഗത്തിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്താനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകി. സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിൽ ജോലി ചെയ്യുന്നവരേയും തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

*(എസ്.ഇ.സി. 78/2015)*